നം. ഡി5/3100/2016/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 16/02/2016

# സർക്കുലർ നമ്പർ 1

വിഷയം: പൊതു വിദ്യാഭ്യാസം- ജീവനക്കാര്യം - പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികകളിൽ 2016-17 വർഷത്തേക്കുള്ള പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ -പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽ ജോലി നോക്കുന്നവർ 2016-17 അദ്ധ്യായന വർഷത്തേക്ക് പൊതു സ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സംബന്ധിച്ച വിവരം www.transferandpostings.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറും ഉപയോഗിക്കാവുന്നതാണ്.

ദീർഘമായ അവധിയിൽ നിൽക്കുന്നവർക്കും അന്യത്ര സേവനത്തിൽ തുടരുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതല്ല.

ഓൺലൈൻ സ്ഥലംമാറ്റം കൂടുതൽ പ്രായോഗികമാക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലും പാസ്വേഡ് നൽകുന്നതാണ്. സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് യൂസർ നാമവും പാസ്വേഡും വിദ്യാഭ്യാസ ഉപഡയറക്ടർ നൽകേണ്ടതാണ്. അപേക്ഷകർ പ്രസ്തുത യൂസർ നാമവും പാസ്വേഡും ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2016-17 അദ്ധ്യായന വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഈ ഒരു അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ. അപേക്ഷകൻ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ ശരിപകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ സൂക്ഷിക്കേണ്ടതാണ്. ടീച്ചർ ട്രെയിനിംഗ് സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവരിൽ NCTE നിഷ്കർഷിക്കുന്ന യോഗ്യത ഉണ്ടായിരിക്കുന്നവർക്കായിരിക്കും മുൻഗണന നൽകുന്നത്. ആയത് തെളിയിക്കുന്ന ആധികാരിക രേഖകൾ ബന്ധപ്പെട്ട ഉപഡയറക്ടർ പരിശോധിക്കേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ അധികാര പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകൾ ഓൺലൈൻ വഴി സൂക്ഷ്മ പരിശോധന നടത്തേണ്ടതാണ്. പരിശോധിക്കപ്പെട്ട അപേക്ഷകൾ പരിഗണനാർഹമായതും പ്രത്യേക പരിഗണനാർഹമായതും പരിഗണനാർഹമല്ലാത്തതുമായ അപേക്ഷകൾ പ്രത്യേകം വേർതിരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിമാർക്സ് സഹിതം ഓൺലൈൻ മുഖേന പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

31/03/2016, 30/04/2016, 31/05/2016, 30/06/2016 എന്നീ തീയതികളിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും നിർദ്ദിഷ്ട ഫോമിൽ വെബ്സൈറ്റിൽ 31/03/2016 തീയതിക്കുമുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഒഴിവുകളുടെ കൃത്യത വിദ്യാഭ്യാസ ഉപഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത ഒഴിവുകളുടെ വിശദാംശത്തിന്റെ പ്രിന്റ് ഔട്ട് അതാത് ഓഫീസിൽ സൂക്ഷിക്കേണ്ടതും ആയതിന്റെ പകർപ്പ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന ലഭിക്കുന്നതിലേക്ക് സമർപ്പിച്ച അപേക്ഷകളിൽ പ്രത്യേക പരിഗണന ലഭിക്കുന്നതിനുള്ള ആധികാരികമായ രേഖകൾ സൂക്ഷ്മപരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. നിരസിക്കപ്പെടുന്ന അപേക്ഷയുടെ കാരണം കൂടി വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച എല്ലാ രേഖകളും അപേക്ഷയോടൊപ്പം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്. ഓൺലൈൻ ട്രാൻസ്ഫറിന് ശേഷമുള്ള റിസൾട്ടന്റ് വേക്കൻസിയിൽ അപേക്ഷ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തിരമായിരിക്കണമെന്നുള്ള വ്യവസ്ഥ നിർബന്ധമായും പാലിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ജില്ലാ തല സീനിയോറിറ്റി ബന്ധപ്പെട്ട ഉപഡയറക്ടർമാർ ഇതിനായി നൽകിയിട്ടുള്ള സോഫ്റ്റ്‌വെയറിൽ സുക്ഷിക്കേണ്ടതാണ്. 2016-17 അധ്യായന വർഷത്തെ പൊതു സ്ഥലംമാറ്റം സമയബന്ധിതമായി നടത്തുന്നതിനുള്ള ചാർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| | | |
|---|---|---|
| 1 | ഓരോ ജില്ലയിലേയും ഒഴിവുകളുടെ വ്യക്തമായ കണക്ക് (31/03/2016 മുതൽ 30/06/2016 വരെ ഉണ്ടാകുന്നത്) നിശ്ചിത മാതൃകയിൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ട അവസാന തീയ്യതി. | 31/03/2016 വരെ |
| 2 | അപേക്ഷ സ്വീകരിക്കുന്ന തീയതി | 07/04/2016 മുതൽ 20/04/2016 വരെ |
| 3 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ അപേക്ഷ പരിശോധിക്കുന്നതിനനുവദിച്ച സമയം (പരിഗണനാർഹമായ അപേക്ഷകളും സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന അപേക്ഷകളും പരിഗണനാർഹമല്ലാത്ത അപേക്ഷകളും തരംതിരിക്കേണ്ടതാണ്. പരിഗണനാർഹമല്ലാത്ത അപേക്ഷകളുണ്ടെങ്കിൽ വ്യക്തമാക്കേണ്ടതാണ്.) | 21/04/2016 മുതൽ 27/04/2016 വരെ |
| 4 | താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 06/05/2016 |
| 5 | താൽക്കാലിക ഉത്തരവിൽ ആക്ഷേപം സമർപ്പിക്കാനുള്ള സമയം | 07/05/2016 മുതൽ 11/05/2016 വരെ |
| 6 | അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 17/05/2016 |

ഒപ്പ്/-
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

//അംഗീകാരത്തോടെ//

സൂപ്രണ്ട്

**വിദ്യാഭ്യാസ ഉപഡയറക്ടർ,**

**..............................**

**എക്സിക്യൂട്ടീവ് ഡയറക്ടർ,**
**ഐ.ടി.@ സ്കൂൾ.**